പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 960 | 09.08.2017 ന് മറുപടിയ്ക്ക്.

## കൊയിലാണ്ടി ഐ.ടി.ഐ.യുടെ വികസനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.കെ. ദാസൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി സർക്കാർ ഐ.ടി.ഐ.യുടെ വികസനം ലക്ഷ്യമാക്കി അതിനോട് ചേർന്നുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ;<br><br>(ബി) ഇത് സംബന്ധിച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്ന് കൊയിലാണ്ടി ഐ.ടി.ഐ.യിലേക്ക് അയച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (എ & ബി) ഉണ്ട്. കൊയിലാണ്ടി ഐ.ടി.ഐ.യുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ കൊയിലാണ്ടി ഐ.ടി.ഐ. പ്രിൻസിപ്പാളിന് ട്രെയിനിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

Bindu

സെക്ഷൻ ഓഫീസർ

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ,
വികാസ് ഭവൻ. പി.ഒ.,
തിരുവനന്തപുരം-33

നമ്പർ.ഐ4/4517/17(1)
തീയതി: 17/07/2017

ട്രെയിനിംഗ് ഡയറക്ടർ.

പ്രിൻസിപ്പാൾ,
ഐ.ടി.ഐ.,
കൊയിലാണ്ടി.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - - പ്ലാനിംഗ്-കൊയിലാണ്ടി ഐ.ടി.ഐയുടെ ഭാവി വികസനത്തിന് സ്ഥലം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- ബഹു.കൊയിലാണ്ടി എം.എൽ.എ 23/05/17-ൽ ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത്.

****************

കൊയിലാണ്ടി ഐ.ടി.ഐയുടെ ഭാവി വികസനത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും, ആയതിന് ആവശ്യമായ സ്ഥലം ഐ.ടി.ഐയോട് ചേർന്ന് ലഭ്യമാണെന്നും ബഹു. എം.എൽ.എ അറിയിച്ചിരിക്കുന്നു. ടി സ്ഥലം ഐ.ടി.ഐയ്ക്കായി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

ഐ.ടി.ഐയുടെ ഭാവി വികസനത്തിന് ആവശ്യമായ സ്ഥലം ഐ.ടി.ഐയോട് ചേർന്ന് ലഭ്യമാണോയെന്ന് അറിയിക്കേണ്ടതാണ്. ആയത് ലഭ്യമാണെങ്കിൽ സ്ഥലത്തിന്റെ വിശദമായ വിവരം (എക്സ്റ്റന്റ്, ഏരിയ, അതിരുകൾ, സർവ്വേ നമ്പർ, വില്ലേജ്, താലൂക്ക്, ഉടമസ്ഥത സംബന്ധിച്ച വിവരം മുതലായവ) ബന്ധപ്പെട്ട റവന്യു ഓഫീസിൽ അന്വേഷിച്ച് അടിയന്തിരമായി ലഭ്യമാക്കണമെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

ബി. ശ്രീകുമാർ
ട്രെയിനിംഗ് ഡയറക്ടർ ഇൻചാർജ്ജ്.

എസ്./18/7//17

Scanned by CamScanner